# പതിനാലാം കേരള നിയമസഭ

<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T2636 | 17.06.2019 ൽ മറുപടിയ്ക്ക്

## കടിയേറ്റ കർഷകരുടെ ഭൂമി

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | മറുപടി<br>അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും<br>മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | 1993-ലെ സ്പെഷ്യൽ റൂൾസുമായി ബന്ധപ്പെട്ട് WP (C) 4501/2018-ൻമേൽ 08.11.2018-ൽ ഉണ്ടായ ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) | WP(C) 4501/2018 നമ്പർ കേസിലെ ഹർജിക്കാരായ ചന്ദ്രശേഖരപ്പണിക്കർ തുടങ്ങി 15 പേർ പാലക്കാട് ജില്ലയിലെ കേരളശ്ശേരി വില്ലേജ് റീ സർവ്വെ നമ്പർ 7/1,7/2,7/4,7/7 എന്നീ സർവ്വെ നമ്പരുകളിലുള്ള 19.46 ഏക്കർ സ്ഥലം മുൻകാല പ്രാബല്യത്തിൽ കൈവശ അവകാശമുണ്ടെന്നും Kerala Land Assignment (Regularization of occupations of Forest Lands prior to 01/01/1977) Special Rules, 1993 പ്രകാരം പട്ടയത്തിന് അർഹത യുണ്ടെന്നും കാണിച്ച് നൽകിയ കേസാണ്. ഹർജിക്കാരുടെ ആവശ്യം തള്ളി 08.11.2018 ന് ബഹു. കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചു. വിധി പ്രകാരം മുകളിൽ പ്രസ്താവിച്ച Kerala Land Assignment (Regularization of occupations of Forest Lands prior to 01/01/1977) Special Rules, 1993 -യിലെ സെക്ഷൻ 2(f)ൽ നിർവ്വചിച്ചിരിക്കുന്ന ' ഭൂമി 'എന്ന പരിധിയിൽ ഹർജിക്കാരുടെ നിക്ഷിപ്ത വനഭൂമി ഉൾപ്പെടുകയില്ല.<br><br>ഒ.എ. 1178/1974 കേസിലുൾപ്പെട്ടതും പാലക്കാട് ഫോറസ്റ്റ് ട്രിബ്യൂണലിൽ കേസ് നടത്തിയതുമായ 29.2 ഏക്കറിൽ പെട്ട നിക്ഷിപ്ത വനഭൂമിയാണ് ഹർജിക്കാരൻ അവകാശമുന്നയിച്ച ഭൂമി. ടി കേസ് 09.02.1978 ൽ ട്രൈബ്യൂണൽ തള്ളിക്കളഞ്ഞു. തുടർന്ന് ഹർജിക്കാരൻ ബഹു.കേരള ഹൈക്കോടതിയിൽ എം. എഫ് എ. 664/1998, 708/1998 എന്നിവ ഫയൽ ചെയ്തെങ്കിലും ടി കേസുകളും കോടതി തള്ളിക്കളയുകയും കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഉത്തരവിടുകയും ചെയ്തു. ഹൈക്കോടതി വരെ തള്ളിക്കളഞ്ഞ ടി കേസിലുൾപ്പെട്ട 19.96 ഏക്കർ നിക്ഷിപ്ത വനഭൂമിയിൽ ടി കോടതി ഉത്തരവുകൾ മറച്ചു വെച്ച് കാർഷിക പ്രവർത്തനങ്ങൾ തടസ്സപ്പെടുത്താതിരിക്കുവാനും പട്ടയം ലഭിക്കുന്നതിനും വാദിച്ച് കൊണ്ട് ഹൈക്കോടതിയെ സമീപിച്ചതും 08.11.2018 ലെ ഉത്തരവിലൂടെ കോടതി അത് നിരാകരിച്ചതും, ടി സ്ഥലം ഇപ്പോഴും നിക്ഷിപ്ത വനഭൂമിയായി വനം വകുപ്പിന്റെ അധീനതയിലും, നിയന്ത്രണത്തിലുള്ളതുമാണ്. WP(C) 4501/2018 കേസിൽ 08.11.2018 ലെ വിധിക്കെതിരെ 05.01.2019 ൽ ഹർജിക്കാർ വീണ്ടും ഹൈക്കോടതിയിൽ റിട്ട് അപ്പീൽ 694/2019 ഫയൽ ചെയ്യുകയും ആയതും ബഹു. ഹൈക്കോടതി 18.03.2019 ലെ വിധിയിലൂടെ തള്ളിക്കളഞ്ഞിട്ടുള്ളതുമാണ്. 1993 ലെ സ്പെഷ്യൽ റൂൾസ് നിക്ഷിപ്ത വനത്തിന് ബാധകമാക്കാൻ സാധിക്കുന്ന തല്ലെന്ന് ബഹു. ഹൈക്കോടതി ടി വിധിന്യായങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത വിധി സാധാരണക്കാരായ കടിയേറ്റ കർഷകരെ ദോഷകരമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദമാക്കുമോ; ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ, | (ബി) | സർക്കാരിൽ നിക്ഷിപ്തമായ 29.20 ഏക്കർ നിക്ഷിപ്ത വനമാണ് ഹർജ്ജിക്കാർ അവകാശമുന്നയിച്ച മേൽ നമ്പർ കേസിലുള്ളത്. എന്നാൽ, റിസർവ്വ് വനങ്ങളായി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള വനഭൂമികളിലെ 01.01.1977 ന് മുമ്പുള്ള കടിയേറ്റ കർഷകരെ ഈ വിധികൾ ബാധിക്കുന്നതല്ല. 01.01.1977 ന് മുമ്പ് കയ്യേറിയതും, റീ സർവ്വെ നടത്തി, സംയുക്ത പരിശോധന പൂർത്തിയാക്കി, കേന്ദ്ര സർക്കാരിൻറെ അംഗീകാരം ലഭ്യമാക്കുവാൻ വേണ്ടി തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെടുന്നതുമായ റിസർവ്വ് വനങ്ങളിലെ കടിയേറ്റക്കാരെ ടി വിധി ബാധിക്കുകയില്ലാത്തതും കേന്ദ്രാനുമതി ലഭിക്കുന്ന മുറക്ക് ടിയാന്മാർക്ക് പട്ടയം നൽകുന്നതിന് തടസ്സങ്ങളൊന്നുമില്ലാത്തതുമാണ്. |
| (സി) | വിധിയുടെ അടിസ്ഥാനത്തിൽ വനം വകുപ്പ് നാളിതുവരെ ജനങ്ങളിൽ നിന്നും എത്ര ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | സർക്കാരിൽ നിക്ഷിപ്തമായ വെസ്റ്റഡ് ഫോറസ്റ്റ് ഭൂമിയിലുൾപ്പെട്ട 19.98 ഏക്കർ ഭൂമിക്ക് അവകാശമുന്നയിച്ച് ഫോറസ്റ്റ് ട്രിബ്യൂണലിലും, ഹൈക്കോടതിയിലും മുൻപിനാലെ പരാജയപ്പെട്ട കേസിൽ ഉൾപ്പെട്ട സ്ഥലവുമായി ബന്ധപ്പെട്ടതാണ് 08.11.2018 ൽ ഹൈക്കോടതി പുറപ്പെടുവിച്ച ഇപ്പോഴത്തെ വിധിന്യായം. റിസർവ്വ് ഫോറസ്റ്റായി വിജ്ഞാപനം ചെയ്യപ്പെട്ട വനഭൂമിയിലെ 01.01.1977 ന് മുമ്പുള്ള കടയേറ്റ കർഷകരെ ടി വിധി യാതൊരുകാരണവശാലും ബാധിക്കുന്നതല്ല. വിധിയുടെ അടിസ്ഥാനത്തിൽ നാളിതുവരെ ജനങ്ങളിൽ നിന്നും വനം വകുപ്പ് ഭൂമി തിരിച്ചു പിടിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ